LIBRARY ARCHIVES Kerala Legislative Assembly

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ

336 (1044) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതിക്ക് വേണ്ടി പ്രയോജന പ്പെടുത്തിയത് എങ്ങനെയാണെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എടുത്ത നടപടികൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്. കുമരകം, കുമ്പളങ്ങി, വർക്കല, ദേവികുളം, വൈത്തിരി തുടങ്ങിയ സ്ഥലങ്ങളിലാണ് സമഗ്രമാലിന്യ നിർമ്മാർജന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) മാലിന്യ നിർമ്മാർജന പദ്ധതികളിൽ വിൻഡ്രോകമ്പോസ്റ്റ് പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ്, പ്ലാസ്റ്റിക് പെല്ലറ്റിംഗ് യൂണിറ്റ് മുതലായവ ഉൾപ്പെടുന്നു.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.

(ഡി) കുമരകം, കുമ്പളങ്ങി, വർക്കല, ദേവികുളം, വൈത്തിരി തുടങ്ങിയ സ്ഥലങ്ങളിൽ മാലിന്യ നിർമ്മാർജന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.